

| |
|---|
| വയസ്സ് |
| ജനന തീയതി |
| പേര് |
| വിലാസം |
| |
| |
| രക്ഷകർത്താവിന്റെ ഒപ്പ്: |

*കുട്ടികൾക്കുള്ള ബൈബിൾ പാഠങ്ങൾ*

# ബൈബിൾ ടൈം

## പാഠം 1: വളരുക



വായന ഭാഗം
ലൂക്കോസ് 2:39-52

*യൂണിറ്റ്-1 ലൂക്കോസ് സുവിശേഷം*

### *യേശുവിന്റെ വളർച്ച*

യേശുവിന് 12 വയസ്സായപ്പോൾ ഒരു പ്രത്യേക പെരുന്നാളിന് മഹാനഗരമായ യെരുശലേമിലേക്ക് പോയി. മാതാപിതാക്കളോടൊപ്പം തിരിച്ച് ഭവനത്തിലേക്ക് പോകുവാനുള്ള സമയം വന്നപ്പോൾ അപ്രകാരം ചെയ്യാതെ യേശു പട്ടണത്തിൽ തന്നെ താമസിച്ചു.

യേശു അവരുടെ കൂടെ ഇല്ലായിരുന്നു എന്ന് മാതാപിതാക്കൾ അടുത്ത ദിവസം വരെ അറിഞ്ഞില്ല. അറിഞ്ഞപ്പോൾ അവനെ എല്ലാ ഇടങ്ങളിലും അന്വേഷിപ്പാൻ തുടങ്ങി. മൂന്ന് ദിവസത്തിന് ശേഷം അവർ യേശുവിനെ ദേവാലയത്തിൽ ഉപദേഷ്ടാക്കന്മാരുടെ കൂടെ ഇരിക്കുന്നതായി കണ്ടെത്തി. അവൻ അവരുടെ ഉപദേശം ശ്രദ്ധിക്കുകയും അവരോട് ചോദ്യങ്ങൾ ചോദിക്കുകയും ചെയ്യുകയായിരുന്നു.

**ചോദ്യം. ശരിയായ ഉത്തരത്തിന് വൃത്തം വരയ്ക്കുക.**

1. എത്രവയസുള്ളപ്പോഴാണ് യേശു ദേവാലയത്തിലേക്ക് പോയത്? 10 11 12
2. എത്ര ദിവസമാണ് യേശുവിനെ കാണാതായത്? 3 4 5



*ചിത്രത്തിന് നിറം കൊടുക്കുക*

ഇതിന് ശേഷം യേശു ഭവനത്തിലേക്ക് മടങ്ങി. മാതാപിതാക്കളേയും ദൈവത്തേയും അനുസരിച്ചു ജീവിച്ചു.

യേശുവിനെപ്പോലെ നാമും എല്ലായ്പ്പോഴും ദൈവത്തോടും മാതാപിതാക്കളോടും അനുസരണമുള്ളവരായിരിക്കണം.

/10

LEVEL - 1

5 മുതൽ 7 വയസ്സുവരെ

GOSPEL FOR CHILDREN

## പാഠം 2: സ്വർഗ്ഗത്തിൽ നിന്നുള്ള ശബ്ദം

വായന ഭാഗം
ലൂക്കോസ് 3:1-8
21 - 23

***യേശു ദൈവത്തിന് ഇഷ്ടമുള്ളത് ചെയ്യുന്നു.***

യേശുവിന് യോഹന്നാൻ എന്ന ഒരു ബന്ധു ഉണ്ടായിരുന്നു. യോഹന്നാന് പറയുവാനുള്ളത് കേൾക്കുവാനായി അനേകർ അവന്റെ പിന്നാലെ ചെന്നു. അവൻ അവരോട് തങ്ങളുടെ പാപങ്ങളെക്കുറിച്ച് അനുതപിച്ച് സ്നാനമേൽക്കണമെന്ന് ഉപദേശിച്ചു. യേശുവിന്റെ വരവിനായി യോഹന്നാൻ ജനത്തെ ഒരുക്കുകയായിരുന്നു.



*ചിത്രത്തിന് നിറം കൊടുക്കുക*

ഒരു ദിവസം യോഹന്നാൻ ജനത്തെ സ്നാനപ്പെടുത്തിക്കൊണ്ടിരുന്നപ്പോൾ യേശുവും അവിടെ എത്തി. യോഹന്നാൻ യേശുവിനേയും സ്നാനപ്പെടുത്തി. അപ്പോൾ സ്വർഗ്ഗം തുറന്നു. പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ യേശുവിന്റെമേൽ ഇറങ്ങിവന്നു. “ഇവൻ എന്റെ പ്രിയപുത്രൻ, ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു” എന്ന് അത്യുച്ചത്തിൽ ഒരു ശബ്ദവും ഉണ്ടായി. തന്റെ പുത്രനായ യേശുവിനെപ്പറ്റി ദൈവം പറഞ്ഞ ശബ്ദമായിരുന്നു ഇത്.

മറ്റെല്ലാവരെയും പോലെ യേശുവിന് തന്റെ പാപങ്ങളെക്കുറിച്ച് അനുതപിക്കേണ്ട ആവശ്യമില്ലായിരുന്നു, കാരണം യേശുവിൽ പാപം ഇല്ലായിരുന്നു. യേശുവിൽ പ്രസാദിച്ചു എന്ന് ദൈവം വെളിപ്പെടുത്തുകയായിരുന്നു.

ദൈവം യേശുവിനെപ്പറ്റി പറഞ്ഞതെന്താണെന്ന് അറിയുവാൻ വിട്ടുപോയ വാക്കുകൾ പൂരിപ്പിക്കുക.

“ഇവൻ എന്റെ ................................ ഇവനിൽ ഞാൻ ..................................” (മത്തായി 3:17)

ഈ സമയത്ത് യേശുവിന് മുപ്പത് വയസ്സായിരുന്നു. ഇതിന് ശേഷമാണ് യേശു ജനത്തെ പഠിപ്പിക്കുവാനും സൗഖ്യമാക്കുവാനും ആരംഭിച്ചത്.

☐/10

## പാഠം 3: "ഇല്ല" എന്ന് പറയുക.



വായന ഭാഗം
ലൂക്കോസ് 4:1-13

***യേശു പരീക്ഷിക്കപ്പെടുന്നു.***

തെറ്റായ കാര്യങ്ങൾ ചെയ്യുവാൻ എപ്പോഴെങ്കിലും നിങ്ങൾക്ക് തോന്നിയിട്ടുണ്ടോ? അതായത് കള്ളം പറയണമെന്നോ നിങ്ങളുടേതല്ലാത്ത എന്തെങ്കിലും എടുക്കണമെന്നുള്ള പ്രേരണയോ. ഇങ്ങനെ തെറ്റായ കാര്യങ്ങൾ ചെയ്യുവാൻ നമ്മിലുണ്ടാകുന്ന പ്രേരണയ്ക്കാണ് പരീക്ഷിക്കപ്പെടുക എന്നു പറയുന്നത്. യേശു ഒരിക്കലും പാപം ചെയ്തിട്ടില്ലായിരുന്നു എങ്കിലും പരീക്ഷിക്കപ്പെടുന്നത് എപ്രകാരമാണെന്ന് യേശുവിന് അറിയാമായിരുന്നു.

സ്നാനം ഏറ്റ ഉടനെ യേശു മരുഭൂമിയിലേക്ക് പോയി. അവിടെ യേശു നാല്പതു ദിവസം പിശാചിനാൽ പരീക്ഷിക്കപ്പെട്ടുകൊണ്ടിരുന്നു.

**ചോദ്യം.**

1. എത്ര ദിവസം യേശു മരുഭൂമിയിൽ ചിലവഴിച്ചു? ...... ....... ......... ......... ദിവസം.
2. ആരാണ് യേശുവിനെ പരീക്ഷിച്ചത്? ......... ........... ............ ...........



മരുഭൂമിയിൽ ആയിരുന്ന ദിവസങ്ങളിൽ ഒന്നും ഭക്ഷിക്കാതിരുന്നതുകൊണ്ട് യേശുവിന് വിശന്നു. ഇത് അറിഞ്ഞ പിശാച് കല്ലിനെ അപ്പമാക്കി തീർക്കുവാൻ യേശുവിനെ പരീക്ഷിച്ചു. രണ്ടാമതായി പിശാചിനെ ആരാധിക്കുവാൻ പ്രലോഭിപ്പിച്ചു. അതിന് ശേഷം ദേവാലയ ഗോപുരത്തിന്റെ മുകളിൽ നിന്ന് താഴേക്ക് ചാടുവാൻ നിർബന്ധിച്ചു.

പിശാച് ആഗ്രഹിച്ച ഈ കാര്യങ്ങളൊന്നും യേശു ചെയ്തില്ല. എന്നാൽ ദൈവവചനത്തിലെ വാക്യങ്ങൾ ഉദ്ധരിച്ച് ദൈവത്തെ മാത്രമേ അനുസരിക്കൂ എന്ന് കാണിച്ചു കൊടുത്തു.

തെറ്റായ കാര്യങ്ങൾ ചെയ്യുവാനുള്ള പരീക്ഷ നേരിടുമ്പോൾ നാമും യേശുവിനെപോലെ ദൈവത്തെ മാത്രമെ അനുസരിക്കാവൂ. ചില സമയങ്ങളിൽ ഇത് വളരെ പ്രയാസകരമാണ്. എന്നാൽ ദൈവം നമ്മെ സഹായിക്കും.

/10

LEVEL - 1

5 മുതൽ 7 വയസ്സുവരെ

## പാഠം 4: മറ്റുള്ളവരെ സഹായിക്കുക.



വായന ഭാഗം
ലൂക്കോസ് 4:14-22

***മറ്റുള്ളവരെ എപ്രകാരം സഹായിക്കും എന്ന് യേശു വിശദമാക്കുന്നു.***

യേശുവിന്റെ സ്നാനശേഷം അനേകർ തന്നെക്കുറിച്ച് കേൾപ്പാൻ ഇടയായി. മരുഭൂമിയിലെ പരീക്ഷണങ്ങൾക്ക് ശേഷം സ്വന്ത പട്ടണമായ നസ്രേത്തിലേക്ക് തിരിച്ചു വന്നു. അവിടെ താൻ പ്രസിദ്ധനായ് തീർന്നു.

ഏത് പട്ടണത്തിലേക്കാണ് യേശു വന്നത്? ............................................

യഹൂദന്മാരുടെ വിശേഷ ദിവസമായിരുന്ന ശബ്ബത്ത് ദിവസത്തിൽ യേശു അവരുടെ പള്ളിയിൽ ചെന്നു, എഴുന്നേറ്റു നിന്ന് യെശയ്യാപ്രവാചകന്റെ പുസ്തകത്തിൽ നിന്നും വായിപ്പാൻ ആരംഭിച്ചു.

എവിടെയാണ് യേശു പോയത്? ...................................................................

വായിച്ച വേദഭാഗത്തിൽ യേശു ഭുമിയിൽ ആയിരിക്കുമ്പോൾ ചെയ്യുവാൻ പോകുന്ന അതിശയകരമായ കാര്യങ്ങളെക്കുറിച്ച് വിവരിക്കുന്നതായിരുന്നു. യേശു ജനത്തെ സഹായിക്കും, സൗഖ്യമാക്കും, അവരോട് സുവിശേഷം പ്രസംഗിക്കും എന്നാണ് ഈ വേദഭാഗങ്ങൾ വിശദമാക്കുന്നത്.

അതിന് ശേഷം യേശു അതിശയകരമായ അനേക കാര്യങ്ങൾ ചെയ്യുവാൻ പുറപ്പെട്ടു. ജനത്തെ സഹായിക്കുവാൻ യേശു ചെയ്ത ഏതെങ്കിലും കാര്യത്തെപ്പറ്റി നിങ്ങൾക്ക് ചിന്തിക്കുവാൻ കഴിയുന്നുണ്ടോ?

*യേശു ജനത്തെ സഹായിച്ച ഏതെങ്കിലും അവസരത്തെക്കുറിച്ചുള്ള പടം വരയ്ക്കുക*

/10

***അദ്ധ്യാപകന്റെ അഭിപ്രായങ്ങൾ:***

ലഭിച്ച മാർക്ക്

പാഠം 1:.........

പാഠം 2:.........

പാഠം 3:.........

പാഠം 4:.........

ആകെ..........

പാഠങ്ങൾ അയക്കേണ്ട വിലാസം
G4C
PB No. 4
ANGAMALY - 683 572
KERALA